ഭരണഭാഷ-മാതൃഭാഷ

നം: ബി2-42871/2018.

ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
ജലസേചനവും ഭരണവും,
തിരുവനന്തപുരം.
തീയതി: 29/05/2019.

## സർക്കുലർ

**വിഷയം:-** ജലസേചനം- ജീവനക്കാര്യം- ജൂനിയർ സൂപ്രണ്ടുമാർക്ക് ഡിവിഷണൽ അക്കൗണ്ടന്റായി താൽക്കാലിക നിയമനം അനുവദിക്കുന്നത്- സംബന്ധിച്ച്:

**സൂചന:-** 19.12.2018 തീയതിയിലെ ഇതേ നമ്പർ സർക്കുലർ.

ഡിവിഷണൽ അക്കൗണ്ടന്റ് തസ്തികയിലേക്ക് താൽക്കാലിക നിയമനത്തിന് പരിഗണിക്കുന്നതിലേക്കായി ഈ വകുപ്പിലെ അക്കൗണ്ട് ടെസ്റ്റ് (ഹയർ) പാസായ ജൂനിയർ സൂപ്രണ്ടുമാരുടെ ലിസ്റ്റ് സൂചന പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ഫൈനൽ സീനിയോരിറ്റി ലിസ്റ്റിൽ പേരുൾപ്പെടാത്തതിനാൽ ചില ജീവനക്കാർക്ക് അപേക്ഷിക്കാൻ കഴിഞ്ഞിരുന്നില്ല. ടി ജീവനക്കാർക്കും പ്രസ്തുത തസ്തികയിലേക്ക് ഇപ്പോൾ അപേക്ഷിക്കാവുന്നതാണ്. പ്രസ്തുത ജൂനിയർ സൂപ്രണ്ടുമാർ സർവ്വീസ് കാർഡും സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും **01.06.2019, 5.പി.എം**-ന് മുമ്പ് aoirrgn@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. ജൂനിയർ സൂപ്രണ്ട് തസ്തികയിൽ പ്രൊബേഷൻ പൂർത്തീകരിച്ച ഉത്തരവിൻെറ പകർപ്പ് അപേക്ഷയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്. പ്രസ്തുത ജീവനക്കാർ അച്ചടക്കനടപടി നേരിടുന്നുണ്ടോ / തീർപ്പാക്കിയിട്ടുണ്ടോ എന്ന വിവരവും ബന്ധപ്പെട്ട ഓഫീസ് മേലധികാരികൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഒരിക്കൽ അപേക്ഷ സമർപ്പിച്ചവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്,
എല്ലാ ഓഫീസ് മേധാവികൾക്കും.